# കേരളസർവകലാശാല

നം.പി.ആർ.79/2021

# പത്രക്കുറിപ്പ്

## പരീക്ഷ മാറ്റി

കേരളസർവകലാശാല ഏപ്രിൽ 12 ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്./കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ഡിഗ്രി പരീക്ഷകൾ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## ലൈബ്രറിസയൻസ് പരീക്ഷാത്തീയതി

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രം 16 മുതൽ 28 വരെ നടത്താനിരുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് പരീക്ഷ മെയ് 4 മുതൽ 17 വരെ നടത്തുന്നതാണ്. പരീക്ഷാകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## ടൈംടേബിൾ

കേരളസർവകലാശാല ഏപ്രിലിൽ നടത്താനിരിക്കുന്ന നാലാം സെമസ്റ്റർ എം.പ്ലാനിംഗ് (2013 സ്കീം – സപ്ലിമെന്ററി) ഫെബ്രുവരി 2021 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. (ഫുൾടൈം/യു.ഐ.എം./ട്രാവൽ ആന്റ് ടൂറിസം/ഈവനിംഗ് – റെഗുലർ) പരീക്ഷയുടെ 2018 സ്കീം ഇന്റേൺഷിപ്പ് ആന്റ് വൈവാ വോസിയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2021 ഏപ്രിൽ 12, 13, 15 തീയതികളിൽ ഇ.ജെ – X (പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

# പരീക്ഷാഫീസ്

കേരളസർവകലാശാല മെയ് 5 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.വി.എ. (ആർട്ട് ഹിസ്റ്ററി), മെയ് 10 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.വി.എ. (പെയിന്റിംഗ്) പരീക്ഷകൾക്ക് പിഴ കൂടാതെ ഏപ്രിൽ 15 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 19 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
09.04.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**